മാതൃഭൂമി

05 May 2024

# കാലാവസ്ഥാവ്യതിയാന ബോധവത്കരണം

കൊച്ചി▸ കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) കുഴിപ്പിള്ളി, ചെല്ലാനം പഞ്ചായത്തുകളിൽ മത്സ്യത്തൊഴിലാളികൾക്കായി കാലാവസ്ഥാവ്യതിയാന ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. ഗ്രിൻസൺ ജോർജ്, സെന്റർ കോ-ഓർഡിനേറ്റർ ഡോ. രതീഷ് കുമാർ ആർ., കോ-പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. രേഷ്മ ഗിൽസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. ചെല്ലാനം പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി വനിതകൾക്ക് 37 ഐസ് പെട്ടികൾ സി.എം.എഫ്.ആർ.ഐ. വിതരണം ചെയ്തു. വീശുവല, വട്ടവല, മീൻ സൂക്ഷിക്കാനുള്ള പാത്രങ്ങൾ, കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങൾ എന്നിവയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈമാറി.

കുഴിപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. നിബിൻ, ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ. ജോസഫ്, ചെല്ലാനം മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ.പി. പ്രസാദ്, വാർഡ് അംഗങ്ങളായ കെ.കെ. കൃഷ്ണകുമാർ, രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു.